ഗവ. സരസ്വതി വിലാസം

# അപ്പർ പ്രൈമറി സ്കൂൾ

പുരവൂർ, ചിറയിൻകീഴ്, mob: 9061238642

gsvupspuravoor@gmail.com



# സമഗ്ര വിദ്യാഭ്യാസ വികസനരൂപരേഖ

# 2025 - 2026

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയ ചരിത്രം

4. പദ്ധതി നിരുപികരണ പ്രക്രിയ

5. അവസ്ഥാ വിശകലനം

6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

7. പദ്ധതി വിശദാംശങ്ങൾ

8. പ്രതീക്ഷിത നേട്ടങ്ങൾ

9. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എസ്.വി.യു.പി.എസ്. പരവൂർ |
| വിലാസം | : | ചിറയിൻകീഴ് പി.ഒ<br>പുരവൂർ, ആറ്റിങ്ങൽ<br>തിരുവനന്തപുരം ജില്ല |
| ഫോൺ | : | 0470 2625622 |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| വിദ്യാഭ്യാസ ഉപജില്ല | : | ആറ്റിങ്ങൽ |
| റവന്യൂജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി | : | ആറ്റിങ്ങൽ |
| സി.ആർ.സി | : | അണ്ടൂർ |
| ഗ്രാമപഞ്ചായത്ത് | : | കിഴുവിലം (1 -൧൦ വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിറയിൻകീഴ് |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : | ചിറയിൻകീഴ് |
| ലോക് സഭാ മണ്ഡലം | : | ആറ്റിങ്ങൽ |
| താലൂക്ക് | : | ചിറയിൻകീഴ് |
| വില്ലേജ് | : | കിഴുവിലം |
| ഇ.മെയിൽ | : | gsvups@gmail.com |

# ആമുഖം

ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ പുരവൂർ എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയോട് തൊട്ട് ചേർന്നാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ചരിത്രപരവും ഐതിഹ്യപരവുമായ പെരുമയുള്ള നാടാണിത്. ചിറയിൻകീഴ് പ്രദേശത്തെ ശാർക്കരദേവി ക്ഷേത്രത്തിലെ കാളിയൂട്ട് മഹോത്സവവുമായി ബന്ധപ്പെട്ട മുടിയുടിച്ചിൽ ചടങ്ങിൽ ദാരികൻ ദേവിയുടെ മുടിയുമായി സ്കൂളിനുതൊട്ടടുത്ത് വരെ എത്തുന്നു. ഈ നാട്ടുകാരുടെ ഏറ്റവും വലിയ ആഘോഷമാണ് മീനാമാസത്തിലെ അശ്വതി നാളിൽ നടക്കുന്ന ഈ ചടങ്ങ്.

വിശാലമായ പാടശേഖരങ്ങൾ ഈ ഗ്രാമത്തിന്റെ പ്രത്യേകതയാണ്. വാമനാപുരം നദി സ്കൂളിനു തൊട്ടു സമീപത്ത് കൂടിയാണ് ഒഴുകുന്നത്. ഇത് ഈ പ്രദേകത്തെ ഹരിതാഭമാക്കുന്നു. പക്ഷേ ആധുനിക കാലത്തെ മനുഷ്യന്റെ നെട്ടോട്ടങ്ങൾക്കിടയിൽപ്പെട്ട് കൃഷി ഏകദേശം നശിച്ച മട്ടാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം ഉണ്ടാകുന്നതിനു മുമ്പ് ഈ പ്രദേശത്തെ വിദ്യാർത്ഥികളുടെ ഏക ആശ്രയമായിരുന്നു ഈ സ്കൂൾ. ഒന്നു മുതൽ ഏഴു വരെ രണ്ട് ഡിവിഷൻ വീതം പ്രവർത്തിച്ചിരുന്ന ഇവിടെ ഇപ്പോൾ കുട്ടികളുടെ കുറവുമൂലം എല്ലാ ക്ലാസിലും ഒരു ഡിവിഷൻ മാത്രമാണ് ഉള്ളത്. കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വന്നപ്പോൾ പി.ടി.എയുടെ നേതൃത്വത്തിൽ വാഹന സൗകര്യം ഒരുക്കുകയും പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ട്. പഞ്ചായത്ത്, ബി.ആർ.സി എന്നിവയുടെ സഹായത്തോടെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെട്ടിട്ടുണ്ട്. എം.പി.റ്റി.എയുടെ സഹായത്തോടെ കലാപഠനത്തിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് സൗജന്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗമായ ഈ സ്കൂളിന്റെ നിലനിൽപ്പ് ഈ പ്രദേശത്തിന്റെ ആവശ്യകതയാണ്. SMC, MPTA സ്കൂൾ പ്രവർത്തനത്തിലൂടെ സ്കൂൾ ഇനിയും മെച്ചപ്പെടുത്താൻ കഴിയും.

കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നല്ല രീതിയിൽ പ്രഭാത ഭക്ഷണ പരിപാടി സ്കൂളിൽ നടന്നു വരുന്നു. വളരെ നല്ല രീതിയിലുള്ള ഉച്ച ഭക്ഷണവും കുട്ടികൾക്ക് നൽകുന്നുണ്ട്. ആഴ്ചയിൽ രണ്ട് ദിവസം പാലും ഒരു ദിവസം മുട്ടയും നൽകുന്നു.

## സ്കൂളിലെ അധ്യാപകരുടെ എണ്ണം

| | | |
|---|---|---|
| HM | - | 1 |
| LPSA | - | 4 |
| UPSA | - | 2 |
| JUNIOR HINDI | - | 1 |
| JUNIOR SANSKRIT | - | 1 |
| PRE- PRIMARY TEACHER | - | 1 |

## അനധ്യാപകർ

| | | |
|---|---|---|
| ഓഫീസ് അറ്റൻഡന്റ് | - | 1 |
| PTCM | - | 1 |
| കുക്ക് | - | 1 |
| ആയ | - | 1 |

## കുട്ടികളുടെ എണ്ണം

| | | |
|---|---|---|
| പ്രീ -പ്രൈമറി | - | 40 |
| LP | - | 70 |
| UP | - | 54 |

# വിദ്യാലയ ചരിത്രം

1925 -ൽ ഒരു സ്വകാര്യ സ്കൂളായി പുരവൂർ ദേശത്ത് ആരംഭിച്ചു. ആദ്യം ഭാസ്കര വിലാസം സ്കൂളും ശേഷം സരസ്വതി വിലാസം സ്കൂളും ആരംഭിച്ചു. മറവൂർ തറവാട്ടിൽ കുന്നിൻപുറത്തുവീട്ടിൽ ശ്രീ.കൃഷ്ണപിള്ള ഭാസ്കരവിലാസം സ്കൂളും കുന്നുംപുറത്തു വീട്ടിൽ ശ്രീ.മാധവൻപിള്ള സരസ്വതിവിലാസം സ്കൂളും തുടങ്ങി. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം തുടങ്ങിയ സ്കൂളുകളിൽ ഭാസ്കരവിലാസം സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ.ചിന്നംപിള്ളയും സരസ്വതി വിലാസം സ്കൂളിന്റെ ആദ്യ പ്രഥമാധ്യാപിക ശ്രീമതി.ഭായി അമ്മയുമായിരുന്നു. ഒന്നു രണ്ടു വർഷത്തിനു ശേഷം ഭാസ്കരവിലാസം സ്കൂളിന്റെ പ്രവർത്തനം നിലയ്ക്കുകയും അവിടെയുണ്ടായിരുന്ന കുട്ടികൾ സരസ്വതി വിലാസം സ്കൂളിൽ ചേരുകയും ചെയ്തു. അങ്ങനെ ഇതൊരു മിക്സഡ് സ്കൂളായി. 1950 -ൽ സ്കൂൾ സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തു. ഇവിടുത്തെ ആദ്യ വിദ്യാർത്ഥികൾ ഗൗരിക്കുട്ടി അമ്മയും ശിവശങ്കരപ്പിള്ളയുമായിരുന്നു. 1957 -ൽ ഇവിടെ 4 -ാം ക്ലാസ് അനുവദിച്ചു. 1980 -ൽ അപ്ഗ്രേഡ് ചെയ്തു. ആകെ 78 സെന്റ് സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

മുൻ ലോ കോളേജ് പ്രിൻസിപ്പൽ ശ്രീ.എം.കൃഷ്ണൻ നായർ, ഡോ.എം.സി.നായർ (കാർഷിക യൂണിവേഴ്സിറ്റി, വെള്ളായണി), പ്രൊഫ. വി.രാമചന്ദ്രൻനായർ, ഡോ.ബാലചന്ദ്രൻ, ഡോ.പ്രദീപ്, ഡോ.ചിന്നു, വിജയൻ പുരവൂർ (സാഹിത്യകാരൻ) തുടങ്ങിയവർ ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥികളാണ്.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- ✓ എസ്.ആർ.ജി യോഗത്തിൽ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസനം എന്ന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- ✓ വികസനാവശ്യങ്ങൾ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിക്കൽ.
- ✓ കരട് രൂപരേഖ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ തയ്യാറാക്കൽ.
- ✓ കരട് രൂപരേഖ SRG, SMC, PT, MPTA ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപ്പശാലയിൽ അവതരിപ്പിക്കൽ.
- ✓ ശിൽപശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- ✓ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

# അവസ്ഥ പഠനം

## ഭൗതികം - നേട്ടങ്ങൾ

സ്കൂളിലെ പാചക ആവശ്യങ്ങൾക്ക് ഗ്യാസ് കണക്ഷൻ ലഭ്യമായി. കൂടാതെ ബയോഗ്യാസ് പ്ലാന്റും പ്രവർത്തിക്കുന്നുണ്ട് പഞ്ചായത്തിൽ നിന്നും പാചക ആവശ്യങ്ങൾക്കുള്ള പാത്രങ്ങൾ ലഭ്യമായിട്ടുണ്ട്.സ്കൂളിലേക്ക് ആവശ്യമായ ഫർണിച്ചർ( മേശ, കസേര,റാക്കുകൾ) തുടങ്ങിയവയും പഞ്ചായത്ത് നൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ കുട്ടികൾക്കും മേശയും കസേരയും പഞ്ചായത്ത് കൊടുത്തിട്ടുണ്ട്.സന്നദ്ധ പ്രവർത്തകർ,സംഘടനകൾ,വ്യക്തികൾ തുടങ്ങിയവരും കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും സ്കൂൾ ബാഗും പഞ്ചായത്ത് നൽകിയിട്ടുണ്ട്

ഐടി കമ്പനിയായ യു എസ് ടി ഗ്ലോബൽ 5 കമ്പ്യൂട്ടറുകളും നാല് ലാപ്ടോപ്പുകളും നൽകിയിട്ടുണ്ട്. പ്രീ പ്രൈമറി കുട്ടികൾക്കായി സ്റ്റാർസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപയുടെ വർണ കൂടാരം പദ്ധതി ലഭ്യമായിട്ടുണ്ട്. പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഉദ്ഘാടനം അക്കാദമിക വർഷം ആദ്യം തന്നെ പ്രതീക്ഷിക്കുന്നു. എംഎൽഎ ഫണ്ടിൽ നിന്നും ടോയ്‌ലറ്റുകൾ അനുവദിച്ചു കിട്ടുകയും പണി പൂർത്തിയാക്കുകയും ചെയ്തു. സ്കൂളിന് സ്വന്തമായി വാഹനം അനുവദിച്ച് കിട്ടിയിട്ടുണ്ട്.ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ് എന്നിവയും ഉള്ള സൗകര്യത്തിൽ പ്രവർത്തിച്ച വരുന്നു.

## സാമൂഹികം

- PTA ശക്തിപ്പെടുത്തൽ
- SMC, SSG കാര്യക്ഷമമാക്കൽ
- സ്കൂൾ വികസന സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾസ സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, സഹകരണ സ്ഥാപനങ്ങൾ, പൂർവ്വാധ്യാപകർ തുടങ്ങിയവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തൽ.
- C.P.T.A ശക്തിപ്പെടുത്തൽ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
- പ്രാദേശിക പി.ടി.എ

## നാടറിയാൻ

- വൃദ്ധസദനങ്ങൾ, ഗ്രന്ഥശാലകൾ, അങ്കനവാടികൾ, അംഗപരിമിതിയുള്ള കുട്ടികളെ സന്ദർശിക്കൽ, വിദ്യാലയത്തിലെ കുട്ടികളുടെ വീടുകൾ സന്ദർശിക്കൽ തുടങ്ങിയവ.

# അക്കാദമികം

## നേട്ടങ്ങൾ

കലാ മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കിഴുവിലം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് എല്ലാ ക്ലാസിലും ഒരു പത്രം വീതം ലഭ്യമാകുന്നുണ്ട്.കൂടാതെ സ്കൂളിൽ ഇംഗ്ലീഷ് പത്രവും വരുത്തുന്നുണ്ട്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി അസംബ്ലികൾ നടത്തിവരുന്നുണ്ട്. എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറികൾ ക്രമീകരിച്ചിട്ടുണ്ട്. മികച്ച സ്കൂൾ ലൈബ്രറി ലഭ്യമാണ്. ജെ ആർ സി യൂണിറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ഐടി കമ്പനിയായ യുഎസ്ടി ഗ്ലോബൽ സ്കൂളിന് വേണ്ടി 5 കമ്പ്യൂട്ടറുകൾ, നാല് ലാപ്ടോപ്പുകൾ നൽകി. സ്കോളർഷിപ്പ്,യുറീക്ക തുടങ്ങിയ മത്സര പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.വെല്ലുവിളി നേരിടുന്ന ആൾക്കാരെ വസിച്ചിരുന്ന അംബേദ്കർ സ്കൂളിൽ കുട്ടികളെ കൊണ്ടുപോവുകയും അവർക്ക് ഒരു ദിവസം ആഹാരം നൽകുവാനും കഴിഞ്ഞു.കുട്ടികളുടെ വീട് സന്ദർശിക്കുകയും അവർക്ക് മധുരപലഹാരങ്ങൾ,ഡ്രസ്സുകൾ നൽകുകയും ചെയ്തു.കുട്ടികൾ സ്കൂൾ വാർഷികം, കലോത്സവം,സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നു. SMC,MPTA,വികസന സമിതി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.കൈത്താങ്ങ് എന്ന പേരിൽ മലയാളം,ഇംഗ്ലീഷ് ശേഷി വർദ്ധിപ്പിക്കുന്നതിനും ഗണിതശേഷി വർദ്ധിപ്പിക്കുന്നതിന് ഗണിതം മധുരം ക്ലാസ്സുകളും നടക്കുന്നുണ്ട്. LSS, USSസ്പെഷ്യൽ ക്ലാസുകൾ നടന്നുവരുന്നു.

## ലക്ഷ്യങ്ങൾ

1. പൊതുവിദ്യാലയങ്ങൾ പഠന മികവിന്റെ പഠൻ കേന്ദ്രങ്ങളാണെന്ന് സമൂഹത്തെ അറിയിക്കുക. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക.
2. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
3. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിവേഷത്തോടെ പശ്ചാത്തല സൂകര്യം വർദ്ധിപ്പിക്കുക.
4. L.K.G മുതൽ 7-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാന ത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അനുബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
5. അധ്യാപനവും അധ്യായനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

## പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. കലാകായിക പ്രവർത്തി പരിചയ പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണസമയ സേവനം ലഭ്യമായിട്ടില്ല.CWSN കുട്ടികൾക്കുള്ള സ്പെഷ്യൽ ടീച്ചേഴ്സിന്റെ സേവനം പരിമിതമാണ്.

## തനത് പ്രവർത്തനം

പച്ചക്കറി കൃഷി പുനരുജ്ജീവനം സ്കൂളിന്റെ തനത് പ്രവർത്തനമായി ഏറ്റെടുത്തിരിക്കുന്നു. സ്കൂൾ എക്കോ ക്ലബ്ബ്,സീഡ്,ഹരിതസേന,ഫോറസ്റ്റ് ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ ലഭ്യമായ സൗകര്യത്തിൽ മികച്ച ഒരു പച്ചക്കറി തോട്ടം സജ്ജമാക്കി കൃഷി നടത്തിവരുന്നു.

എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പുവരുത്തുന്നതിനുള്ള അധിക പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നതിനായും ഗണിതം മധുരം എന്ന പ്രവർത്തനവും നടന്നുവരുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പോഷണം
- ശാസ്ത്ര പോഷണം
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ലാബ് നവീകരണം
- നാടകക്കളരി
- ജൈവ വൈവിധ്യ പാർക്ക്
- സാഹിത്യ പോഷണ പരിപാടികൾ
- പഠന യാത്രകൾ
- സെമിനാറുകൾ; പ്രോജക്ടുകൾ
- കലാ-കായികമേള
- ഐ.ടി.പരിശീലനം
- അധ്യാപക-ശാക്തീകരണം
- ക്ലാസ്, പി.ടി.എ സജീവമാക്കൽ
- സ്കൂൾ പത്രം / മാസികകൾ
- പ്രവൃത്തി പരിചയ പഠനം
- ഒന്നാം ക്ലാസ് ഒന്നാന്തരം
- എസ്.ആർ.ജി. ശാക്തീകരണം
- സ്കൂൾ പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം
- രചനാ ശിൽപ്പശാലകൾ
- അഭിമുഖങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- ഒറിഗാമി ശിൽപ്പശാല
- ഗണിത് ലാബ്
- ബാല
- കൗൺസിലിംഗ്
- മത്സര പരീക്ഷകൾ (LSS, USS, Numats, Quiz)
- ടേം മൂല്യനിർണയം
- നിരന്തര വിലയിരുത്തൽ

- ദിനാചരണങ്ങൾ
- ശാസ്ത്രോത്സവം
- ഗണിതോത്സവം
- ഭാഷോത്സവം
- ജന്മദിനത്തിനൊരു പുസ്തകം
- അമ്മ വായന

<u>ഭൗതികം</u>

- ചുറ്റുമതിൽ, പ്രവേശന കവാടം
- കളിസ്ഥലം
- ഓഡിറ്റോറിയം
- അടുക്കള
- കുട്ടികളുടെ പാർക്ക്
- പുതിയ സ്കൂൾ കെട്ടിടം
- ഡൈനിംഗ് ഹാൾ
- കമ്പ്യൂട്ടർ റൂം
- സ്മാർട്ട് ക്ലാസ് മുറി
- പഴയ കെട്ടിടങ്ങൾ നവീകരിക്കൽ
- മൾട്ടി മീഡിയ റൂം
- അസംബ്ലി ഹാൾ
- മാലിന്യ സംസ്കരണം
- Echofriendly toilets
- Shee-toilets
- ലാബ്, ലൈബ്രറി
- കൃഷിത്തോട്ടം
- ടൈയിൽ പാകിയ വിദ്യാലയാങ്കണം
- വാഹനം

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) <u>അമ്മ പറയട്ടെ</u> അമ്മമാർ കുട്ടി ക്കഥകൾ അവതരിപ്പി ക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | S S A |
| | ജ്ഥിഴഹശവെ റമ്യ ജ്ഥിഴഹശവെ മലൈായഹ്യ. | ആഴ്ചയിൽ ഒന്ന് | Class Teacher | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ടഞഎ | SSA |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ | |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ-ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇല | സപ്തംബർ ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

Scanned By Camera Scanner

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

Scanned By Camera Scanner

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ<br>English ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

Scanned By Camera Scanner

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടെണ്ട<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

Scanned By Camera Scanner

<u>അക്കാഡമിക് മാസ്റ്റർ പ്ലാൻ</u>

<u>Lp- മലയാളം Std 3 and 4</u>

| ക്രമ നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാല ദൈർഘ്യം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| **1.** | ഭാഷ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കും | • പ്രീ ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുന്നു<br>• അക്ഷരം ,അടയാളം ഉറപ്പിക്കൽ കഥ ,കവിത ചാർട്ടിൽ പ്രദർശിപ്പിക്കൽ<br>• വാക്കുകൾ കണ്ടെത്തി പദസൂര്യൻ പൂർത്തിയാക്കുന്നു.<br>• വാക്യ നിർമ്മാണം.<br>• ചിത്ര കാർഡ് പ്രദർശനം. | 3 and 4 | 3 മാസം | MPTA SMC HM | 500/- |
| **2.** | മികച്ച വായനക്കാരാക്കും. | • സ്കൂൾ ലൈബ്രറി നവീകരണം.<br>• കുട്ടികളുടെ ജന്മദിനവുമായി ബന്ധപ്പെട്ട് ഒരു പുസ്തകം സംഭാവന.<br>• ക്ലാസ് ലൈബ്രറി രൂപീകരണം. | 3 and 4 | 1 വർഷം | HM MPTA SMC | 2000/- |
| **3.** | CWSN കുട്ടികളെ എത്തിക്കും | • അമ്മമാർക്ക് പുസ്തകം തിരഞ്ഞെടുത്തു വായിക്കാൻ അവസരം.<br>• വായന കുറിപ്പ് തയ്യാറാക്കാൻ.<br>• വായനോത്സവം സംഘടിപ്പിക്കാൻ.<br>• പുസ്തകപ്രദർശനം<br>• മികച്ച വായനക്കാരെ കണ്ടെത്തൽ | 3 and 4 | 1 വർഷം | MPTA SMC അധ്യാപകർ, രക്ഷകർത്താവ് | 2000/- |
| **4.** | സർഗാത്മക രചനകളിൽ ഏർപ്പെടാൻ | • കഥയരങ്ങ് ,കവിയരങ്ങ് ശില്പശാലകൾ സംഘടിപ്പിക്കാൻ | 3 and 4 | മാസത്തിലൊരിക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- |
| **5.** | രചന പരിചയ കുറിപ്പ് | • വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായന കുറിപ്പ് തയ്യാറാക്കൽ.<br>• എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിന് പ്രാപ്തരാക്കുക. | 3 and 4 | 1 വർഷം | ക്ലാസ് ടീച്ചർ | |
| **6.** | ഭാഷയിലൂടെ വിവിധശേഷികളിൽ മികവ് നേടും. | • പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കാൻ അവസരം ഒരുക്കും.<br>• വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കും | 3 and 4 | ഒരു വർഷം | MPTA SMC PTA | 2000/- |

| | | | | | | |
|---|---|---|---|---|---|---|
| **7.** | വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | • ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിന് ലൂടെ കണ്ടെത്തൽ.<br>• പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയിലൂടെ നാടകാവിഷ്കാരം. | 3 and 4 | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ് | 500/- |
| **8.** | കലാവാസനകളെ പരിപോഷിപ്പിക്കുക. അവതരണമികവ് കൈവരിക്കുക. വിവിധ ശേഷികളുടെ വികസനം | • പാഠഭാഗങ്ങളെ ഭാവന നാടകങ്ങൾ ആക്കി അവതരിപ്പിക്കുന്നു.<br>• ബാലസഭകളിലൂടെ അവതരണം. | 3 and 4 | HM SRG PTA MPTA SSK | 7000/- | |

അക്കാഡമി മാസ്റ്റർ പ്ലാൻ

**LP - ഗണിതം std 3 and 4**

| Sl no. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| **1.** | ഗണിതശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങൾ ഉള്ള കുട്ടികളെ അതിൻറെ പൂർണ്ണതയിൽ എത്തിക്കുക. | ഗണിത ലാബ്<br>1. വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജീകരിക്കുന്നു.<br>2. ഗണിത ക്വിസ് മേളകളുടെ മുന്നോടിയായും അതിനുശേഷം ഗണിത ക്വിസ്.<br>3. വിദ്യാലയത്തിൽ ഗണിതോത്സവം സംഘടിപ്പിക്കുന്നു. മനക്കണക്കിലൂടെ ഉത്തരം കണ്ടെത്തുന്ന പ്രവർത്തനങ്ങൾ<br>4. എൽഎസ്എസ് പരിശീലനം. | ഒരു വർഷം | 3 and 4 | SRG ഗണിത ക്ലബ്ബ് | 2000/- |
| **2.** | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ പിന്തുണ നൽകാൻ. | 1. ത്രികോണം വൃത്തം ചതുരം തുടങ്ങിയ രൂപങ്ങൾ കണ്ടെത്തുന്നു<br>2. പ്രകൃതിയിലെ ഗണിത രൂപങ്ങൾ കണ്ടെത്തുന്നു. ഗണിത രൂപങ്ങൾക്ക് നിറം നൽകാൻ.<br>3. സംഖ്യ ബോധം വളർത്തുന്നതിനായി സ്ഥാനവില പോക്കറ്റ് ,കുസൃതി കണക്കുകൾ ,ഗണിത ഗാനങ്ങൾ പസിലുകൾ എന്നിവ നൽകൽ | ഹ്രസ്വ കാലം | 3 and 4 | ഗണിത ക്ലബ്ബ്, അധ്യാപകർ | 2000/- |
| **3.** | ഗണിത പെട്ടി. അടിസ്ഥാന ഗണിത ആശയങ്ങൾ വളരെ രസകരവും പ്രവർത്തനാധിഷ്ഠിതമായി മുഴവൻ കുട്ടികളും | 1. ശില്പശാലകൾ സംഘടിപ്പിക്കുക.<br>2. പ്രാദേശിക വിഭവ ശേഖരണം.<br>3. കുട്ടികൾ തയ്യാറാക്കിയ പഠനോപകരണങ്ങളുടെ പ്രദർശനം. | ജൂൺ മുതൽ മാർച്ച് വരെ | Std 3,4 | ക്ലാസ് ടീച്ചർ, PTA SMC | 3000/- |

| | | | | | | |
|---|---|---|---|---|---|---|
| | ആർജ്ജിക്കുന്ന തിന്. | | | | | |
| **4.** | ഗണിതത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടു ത്താനുള്ള കഴിവ് നേടുക | 1. കളിപ്പെട്ടി ഉപയോഗപ്പെടുത്താൻ, ജിയോജി പ്രവർത്തനങ്ങൾ, പവർ പോയിന്റ് പ്രസന്റേഷൻ | ഒരു വർഷം | 3,4 | അധ്യാപ കർ | 500/- |
| **5.** | CWSN കുട്ടികളെ നേർധാരയിൽ എത്തിക്കൽ | 1. ഐസിടി സാധ്യതകൾ ലഘുവായി ഉപയോഗപ്പെടുത്തുന്നു.<br>2. ഒറിഗാമിയിലൂടെ ഗണിത രൂപങ്ങൾ പരിചയപ്പെടുത്തുന്നു.<br>3. ഗണിത ഗാനങ്ങൾ കേൾപ്പിക്കുന്നു.<br>4. ഗണിത കളികൾ ,ഗണിതരൂപങ്ങൾ കണ്ടെത്തി നിറം നൽകുന്നു പ്രവർത്തനങ്ങൾ നൽകുന്നു | ഒരു വർഷം | 3,4 | അധ്യാപ കർ | 500/- |
| **6.** | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠന നേട്ടങ്ങളും ആർജിക്കൽ. | 1. ഗണിതവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br>2. സംഖ്യ പാറ്റേണുകൾ ചിത്ര പാറ്റേണുകൾഎന്നിവ കണ്ടെത്തുന്നു.<br>3. രണ്ടക്ക സംഖ്യയെ ഒരക്ക സംഖ്യ കൊണ്ടുള്ള ഗുണനം.<br>4. രണ്ടക്ക സംഖ്യയെ രണ്ടക്കസംഖ്യ കൊണ്ടുള്ള ഗുണനം.<br>5. കലണ്ടർ നോക്കി ഇംഗ്ലീഷ്, മലയാളം മാസങ്ങൾ ,തീയതികൾ ,വിശേഷ ദിവസങ്ങൾ കണ്ടെത്തുന്നു.<br>6. മീറ്റർ ,സെൻറീമീറ്റർ ,ടേപ്പ്സ്കെയിൽ ഉപയോഗിച്ച് നീളം കൃത്യമായി അളക്കുന്നു | ഒരു വർഷം | 3,4 | അധ്യാപ കൻ | SRG |
| **7.** | ഗണിത ചിന്ത; യുക്തിചിന്ത വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും | 1. ഒറിഗാമി: ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം. | ഒരു വർഷം | 3,4 | അധ്യാപ കൻ | 2000/- |

| | | | | | | |
|---|---|---|---|---|---|---|
| | വികസിപ്പിക്കുക<br>ഗണിത<br>പഠനശേഷി<br>വികസിപ്പിക്കുക | 2. അളവുകൾ ഊഹിക്കുകയും യഥാർത്ഥ അളവുകൾ കണ്ടെത്തുകയും ചെയ്യുന്നു.<br>3. ത്രാസ് ഉപയോഗിച്ച് കൃത്യമായി ഭാരം അളക്കുന്നു.<br>4. ഹരണവുമായി ബന്ധപ്പെട്ട ലഘു പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>5. അളവ് പാത്രം ഉപയോഗിച്ച് ഉള്ളളവ് കൃത്യമായ അളക്കുന്നു.<br>6. ഗണിത പാറ്റേൺ , ഗണിത പസിലുകളും, ഗണിത പ്രശ്നങ്ങളും പരിഹരിക്കുന്നു | | | | |
| | | | | | | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

# LP -EVS-STD 3,4

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈഘ്യം | ക്ലാസ്സ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | എൻറെ പരിസര പഠന പുസ്തകം<br><br>ശാസ്ത്ര പഠന താൽപര്യം വളർത്തുക ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | • പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയ കാര്യങ്ങൾ പരിസര പറഞ്ഞ പുസ്തകത്തിൽ രേഖപ്പെടുത്തൽ<br>• പഠന വസ്തുതകളുമായി ബന്ധപ്പെട്ട അറിവുകൾ രേഖപ്പെടുത്താൻ പങ്കുവയ്ക്കൽ<br>• കുട്ടിയുടെ പരിസര പഠന പുസ്തകം കൃത്യമായ ഇടവേളകളിൽ അധ്യാപിക വിലയിരുത്തുന്നു നിർദ്ദേശങ്ങൾ നൽകുന്നു | ഒരു വർഷം | 3,4 | ക്ലാസ് ടീച്ചർ | |
| 2. | സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തും | • ഫീൽഡ് ട്രിപ്പ്<br>നമ്മുടെ പരിസരത്തുള്ള കുളം ,വയൽ തുടങ്ങിയവയിൽ വിവിധതരത്തിലുള്ള ജീവികളെ കണ്ടെത്താൻ. | ഹ്രസ കാലം | 3,4 | PTA<br>SRG<br>HM | 2000 |
| 3. | സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്തും. | • പലതരത്തിലുള്ള നാടൻ കളികളുടെ സ്ലൈഡ് പ്രദർശനം<br>• ജലത്തിലും കരയിലും ജീവിക്കുന്ന ജീവികൾക്ക് അതിനനുയോജ്യമായ സവിശേഷതകൾ കണ്ടെത്താൻ. | ഒരു വർഷം | 3,4 | അധ്യാപകൻ | |
| 4. | ശാസ്ത്ര വിഷയങ്ങളിലെ പുതിയ വാർത്തകൾ പത്രങ്ങളിലൂടെ ശേഖരിക്കും | • ദിനപത്രങ്ങളിലൂടെ ശാസ്ത്ര രംഗത്തെ പുതിയ നേട്ടങ്ങൾ കണ്ടെത്തൽ.<br>• കണ്ടെത്തിയ വിവരങ്ങൾ അസംബ്ലി ശാസ്ത്ര ക്ലബ്ബ് എന്നീ സന്ദർഭങ്ങളിൽ പങ്കുവയ്ക്കൽ.<br>• ചിത്ര പ്രദർശനം, വീഡിയോ പ്രസന്റേഷൻ എന്നിവ തയ്യാറാക്കൽ. | ഒരു വർഷം | 3,4 | അധ്യാപകർ, ശാസ്ത്ര ക്ലബ്ബ് | 1000 |
| 5. | സാമൂഹ്യ ചിന്ത, സാമൂഹ്യബോധം, സാമൂഹ്യ വിശകലനശേഷി | • ആൽബങ്ങൾ തയ്യാറാക്കാൻ<br>• പതിപ്പ് നിർമ്മാണം<br>• കേരളത്തിലെ വിവിധ കലാരൂപങ്ങളെ കുറിച്ചുള്ള അറിവ് ശേഖരിക്കൽ ചിത്ര | ക്ലാസ് പ്രവർത്തനങ്ങൾ | 3,4 | അധ്യാപകൻ | 1000 |

| | | | | | | |
|---|---|---|---|---|---|---|
| | എന്നിവ വളർത്തൽ | ആൽബം നിർമ്മാണം, പ്രദർശനം | അനു സരിച്ച് | | | |
| 6. | ശാസ്ത്ര പഠനശേഷി വികസിപ്പിക്കാൻ | • ശാസ്ത്ര പഠനം ബന്ധപ്പെട്ട പാഠഭാഗത്തിലെ വിവിധ സന്ദർഭങ്ങളെ കുറിച്ചുള്ള വിശകലനം നടത്താൻ.<br>• കണ്ടെത്തിയ കാര്യങ്ങളെ പരിസര പഠന പുസ്തകത്തിൽ രേഖപ്പെടുത്താൻ.<br>• സെമിനാറുകൾ ചർച്ചകൾ സംഘടിപ്പിക്കും. | ഒരു വർ ഷം | 3,4 | അ ധ്യാ പക ൻ, ശാസ്ത്ര ക്ലബ്ബ്, എസ് ആർ ജി, എച്ച് എം | 1000 |
| 7. | ശാസ്ത്ര പഠനത്തെ സാമൂഹി ക മുന്നേറ്റത്തിന് പ്രയോജനപ്പെട്ട ത്താനുള്ള മനോഭാവം വളർത്തൽ | • ഭൂപട വായന<br>• ക്ലാസ് റൂം രേഖാചിത്രം<br>• സ്കൂളിലെ രേഖാചിത്രം<br>• ദിക്കുകളുടെ കണ്ടെത്തൽ | ഒരു വർ ഷം | 3,4 | അ ധ്യാ പക ൻ | |
| 8. | സമൂഹത്തെ അറിയുന്നതിനും ഭൂമി അറിയുന്നതിനും കഴിവ് മനോഭാവവും വളർത്തുന്നതി നും. | • സംസ്ഥാനങ്ങൾ, തലസ്ഥാനം, ഭാഷ, കലാരൂപങ്ങൾ പട്ടികപ്പെടുത്തൽ<br>• കേരളത്തിലെ പഞ്ചായത്ത് സംവിധാനം, ഗ്രാമ വിവരശേഖരണം എന്നിവയെ കുറിച്ചുള്ള വായനക്കുറിപ്പ് | ഹ്രസ്വ കാലം | 3,4 | അ ധ്യാ പക | |
| 9. | ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതി നും സാമൂഹ്യശാസ്ത്ര പഠനത്തെ പ്രയോജനപ്പെട്ട ത്തും | • കുറുപ്പ് വായന വിവരശേഖരണം സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഭാരതത്തിന് ദുരവസ്ഥകൾ എന്നിവ വിശദീകരിക്കും | ഹസ്വാ ല | 3,4 | അ ധ്യാ പക ൻ | |
| 10. | ഫീൽഡ്ട്രിപ്പുക ൾ സംഘടിപ്പിക്കാൻ. | • പാഠഭാഗവുമായി അനുബന്ധിച്ച് വിവിധതരം ഫീഡ് ട്രിപ്പുകൾ സംഘടിപ്പിക്കും.<br>• പ്രകൃതി അറിയുന്നതിന് പ്രകൃതി നടത്തം, ജീവികളുടെ സസ്യങ്ങളുടെയും ആവാസ വ്യവസ്ഥയെ കുറിച്ചുള്ള നിരീക്ഷണം , കുറിപ്പ് തയ്യാറാക്കാൻ. | ക്ലാസ് പ്രവർ ത്തന ങ്ങൾ ക്ക് അനു സരിച്ച് | 3,4 | അ ധ്യാ പക ൻ, പിടി എ,H M | 4000 |
| 11. | CWSN കുട്ടികളെ | • ഐസിടി സാധ്യതകൾ ലഘുവായി | ഒരു | 3,4 | അ | 500 |

| | | | | | | |
|---|---|---|---|---|---|---|
| | നേർധാരയിലെ ത്തിക്കൽ | ഉപയോഗപ്പെടുത്തൽ<br>• ചിത്രങ്ങൾ ,വീഡിയോ എന്നിവയുടെ പ്രദർശനം. | വർ ഷം | | ധ്യാ പക ൻ | |
| 12 | ദിനാചരണങ്ങളില്ലൂ ടെ സാമൂഹ്യശാസ്ത്ര അവബോധം വളർത്തൽ | • ശാസ്ത്ര സാമൂഹിക മേഖലയുമായി പ്രാധാന്യമുള്ള ദിനാചരണങ്ങൾ<br>• വീഡിയോ പ്രസന്റേഷൻ, പോസ്റ്റർ നിർമ്മാണം, ചിത്രരചന മത്സരങ്ങൾ എന്നിവർ സംഘടിപ്പിക്കുന്നത് എവിടെ അവയെക്കുറിച്ചുള്ള പ്രാധാന്യം മനസ്സിലാക്കാൻ.<br>• ഫ്ലാഷ് മോബ്, നാടകങ്ങൾ , മൈമം എന്നിവ സംഘടിപ്പിക്കാൻ, ക്ലബ്ബുകൾ പൊതുവിടങ്ങൾ  എന്നിവിടങ്ങളിൽ അവതരിപ്പിക്കാൻ | ഒരു വർ ഷം | 3,4, 5,6, 7 | അ ധ്യാ പക ൻ, HM SRG PTA MPT A BRC | 2000 |

അക്കാദമിക് മാസ്റ്റർ പ്ലാൻ

**LP - ഇംഗ്ലീഷ് 3,4**

| Sl no | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കുവാനും എഴുതുവാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക. | ● ഇംഗ്ലീഷ് ക്ലാസുകളിലും ക്ലബ്ബ് പ്രവർത്തനങ്ങളിലും ഇംഗ്ലീഷ് മാത്രം ആശ്രുപത്രിമാർ നടത്തുന്നു.<br>● ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു<br>● ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുന്നു.<br>● ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം സാധ്യമാക്കൽ.<br>● സ്കൂളിലെ ഒരു മാസത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ കോർത്തിണക്കി പ്രതിമാസ പത്രിക നിർമ്മിക്കൽ.<br>● കഥകൾ, കവിതകൾ ഇവ വായിച്ചശേഷം ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ. | ഒരു വർഷം | 3,4 | ഇംഗ്ലീഷ് ക്ലബ്ബ്.HM SRG | സ്പോൺസർഷിപ്പ് |
| 2. | ഒഴുക്കോടെ വ്യാകരണ | ● അവധി ദിവസങ്ങളിൽ വ്യാകരണത്തിന് | ഒരു വർഷം | 3,4, 5,6, | HM PTA | സ്പോൺസ |

| | | | | | | |
|---|---|---|---|---|---|---|
| | ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാനുള്ള കഴിവ് നേടാൻ | പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസുകൾ.<br>● മധ്യവേദ വേനലവധിക്കാലത്ത് ഇംഗ്ലീഷിൽ ഫെസ്റ്റ് നടത്തുന്നു. | | 7 | SRG | ർഷിപ്പ്, ബി ആർ സി |
| 3. | കളികളിലൂടെയുള്ള ഭാഷാ പഠനം. | ● ഇംഗ്ലീഷിൽ പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത സമയം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ കണ്ടെത്തുന്നു.<br>● എസ് ഓർ നോ ഗയിം, ക്ലെയിന്റ് ആൻഡ് അഡ്വക്കേറ്റ് ഗെയിം, തുടങ്ങിയ കളികൾ ക്ലാസിൽ ഉപയോഗിക്കുന്നു. | പ്രതിമാസം | 3,4 | ഇംഗ്ലീഷ് | |
| 4. | സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കൽ. | ● കഥയരങ്ങ്, കവിയരങ്ങ്ശില്പശാല എന്നിവ സംഘടിപ്പിക്കാൻ.<br>● കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കാൻ<br>● പാഠപുസ്തകങ്ങളിലെ ഭാഗങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ മാറ്റി സദസ്സിനു മുന്നിൽ അവതരിപ്പിക്കാൻ. | പാഠപുസ്തക പ്രവർത്തനങ്ങൾക്ക് അനുസരിച്ച് | 3,4 | ഇംഗ്ലീഷ് ടീച്ചർ എച്ച് എം എസ് ആർ ജി | |
| 5. | ഇംഗ്ലീഷ് ഭാഷ പഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താ | ● ദേശീയ ദിനാചരണങ്ങൾ ആഘോഷിക്കുമ്പോൾ ഇംഗ്ലീഷിൽ പ്രസംഗം, ഗാന അവതരണം നടത്തൽ.<br>● ദേശഭക്തിഗാനങ്ങളുടെ | ഒരു വർഷം | 3,4 | ടീച്ചർ, HM SRG PTA ഇംഗ്ലീഷ് ക്ലബ്ബ് | 1000/- |

| | | | | | | |
|---|---|---|---|---|---|---|
| | ൻ. | ശേഖരണം.<br>• ദേശീയ നേതാക്കളുടെയും മഹത് വ്യക്തികളുടെയും ജീവചരിത്രം കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.<br>• ജീവചരിത്ര പുസ്തകങ്ങൾ വായിക്കാൻ അവസരമൊരുക്കൽ. | | | | |
| 6. | ഇംഗ്ലീഷ് ഭാഷ പഠനത്തിൽ ഈ ക്യൂബ് ലേണിംഗ് പരമാവധി പ്രയോജനപ്പെടുത്താൻ | • പവർ പോയിൻറ് പ്രസന്റേഷൻ.<br>• പാട്ടുകൾ ,കഥകൾ ,കാർട്ടൂൺ ,സിനിമ ഇവ ഐടി സാധ്യത ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു.<br>• പാഠഭാഗങ്ങളിലെ സന്ദർഭങ്ങളെ അടിസ്ഥാന ബാക്കിയുള്ള വീഡിയോ പ്രദർശനം | പാഠപുസ്തക പ്രവർത്തകർക്ക് അനുസരിച്ച് | 3,4 | ഇംഗ്ലീഷ് ടീച്ചർ, HM SRG | |

# UP മലയാളം

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|---|
| 1 | മലയാളഭാഷയിൽ സവിശേഷ വൈഭവങ്ങൾ ഉള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കും | കഥയരങ്ങ്,കവിയരങ്ങ്, രചനാ ശിൽപ്പശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉൽപ്പന്നങ്ങളുടെ പ്രസിദ്ധീകരണം<br><br>പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തുന്നു.സാഹിത്യകാരന്മാർ പങ്കെടുക്കുന്ന സെമിനാറുകൾ സംഘടിപ്പിക്കുന്നു. | മൂന്നുമാസത്തിൽ ഒരിക്കൽ<br><br>വർഷത്തിലൊരിക്കൽ | അധ്യാപകൻ,<br>S RG,<br>SMC |
| 2 | വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരം | പുസ്തക ചർച്ച<br><br>ഭവന സന്ദർശനം, ഗ്രന്ഥശാല | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അധ്യാപകർ<br>HM<br>PTA |

| | | | | |
|---|---|---|---|---|
| | ഒരുക്കും | സന്ദർശനം,ജന്മദിനത്തെ ഒരു പുസ്തകം തുടങ്ങിയവയിലൂടെ ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കുന്നു.പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കുന്നു | | ലൈബ്രേറിയൻ |
| 3 | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കും | പുസ്തകങ്ങൾ വീട്ടിൽ കൊണ്ടുപോയി വായിക്കാൻ അവസരം ഓരോ ക്ലാസിനും പ്രത്യേകം വിതരണ രജിസ്റ്ററുകൾ സൂക്ഷിക്കുന്നു.<br>ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ<br>ക്ലാസ്സ് നിലവാരം, പഠന നേട്ടം എന്നിവ പരിഗണിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | ദീർഘകാലം<br>എല്ലാദിവസവും<br>മാസത്തിൽ ഒന്ന് | മലയാളം അധ്യാപകർ<br>വിദ്യാരംഗം കലാ സാഹിത്യ വേദി |
| 4 | മികച്ച വായനാശീലം | പത്രവായന എല്ലാ | ദീർഘകാലം | മലയാളം അധ്യാപകർ |

| | | | | |
|---|---|---|---|---|
| | മലയാളഭാഷയി<br>ൽ<br>വികസിപ്പിക്കും | ക്ലാസുകളിലേ<br>ക്കും ഒരു<br>പത്രം,ക്ലാസ്<br>മുറിയിൽ<br>കുട്ടികളെ<br>കൊണ്ട്<br>ദിവസവും പത്രം<br>വായിപ്പിക്കുന്നു.<br>അസംബ്ലിയിൽ<br>പത്രവായന,ചി<br>ത്രം<br>രൂപീകരിക്കൽ,<br>വായനാമൂല,ക്ലാ<br>സ് ലൈബ്രറി<br>രൂപീകരിക്കൽ,<br>സ്കൂൾ<br>ലൈബ്രറി<br>നവീകരിക്കുന്നു.<br>സമീപത്തെ<br>ലൈബ്രറി<br>സന്ദർശിക്കും.<br>അംഗത്വം<br>എടുക്കുന്നു.സ്കൂ<br>ൾ ലൈബ്രറി<br>പുനക്രമീകരണം,<br>അമ്മ<br>വായന,വായനാ<br>മത്സരങ്ങൾ | | വിദ്യാരംഗം<br>കലാസാഹിത്യ<br>വേദി |
| 5 | മലയാളഭാഷയി<br>ലെ<br>വായനയിലും<br>ലേഖനത്തിലും | വിദ്യാരംഗം കല<br>സാഹിത്യ<br>വേദിയുടെ<br>നേതൃത്വത്തിലു<br>ള്ള വിവിധ | ദീർഘകാ<br>ലം | വിദ്യാരംഗം<br>കലാസാഹിത്യ<br>വേദി<br>മലയാള<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| | പരിമിതികൾ ഉള്ള കുട്ടികളെ കണ്ടെത്തുകയും അത് മറികടക്കാൻ പിന്തുണ നൽകുകയും ചെയ്യും | പ്രവർത്തനങ്ങൾ, വായനക്കുറിപ്പ്,പത്രക്കുറിപ്പ്,പത്ര വാർത്ത വായന,ചിത്ര ക്വിസ് | | |
| 6 | മലയാളഭാഷാ വ്യവഹാരങ്ങൾ തെറ്റു കൂടാതെഎഴുതാനും ആവിഷ്കരിക്കാനുള്ള ശേഷി വികസിപ്പിക്കും | മലയാളത്തിളക്കം അക്ഷരങ്ങളും അടയാളങ്ങളും ഉറപ്പിക്കുന്നു.വാക്കുകൾ,വാക്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.ഐസിടി സാധ്യത ഉപയോഗിച്ച് പ്രത്യേക ക്ലാസുകൾ എടുക്കുന്നു | ദീർഘകാലം | മലയാളം അധ്യാപകർ |
| 7 | ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാളഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തും | എഴുത്തുകൂട്ട രൂപീകരണം, വായനക്കുറിപ്പ്,പതിപ്പ്, ചുമർപത്രിക തയ്യാറാക്കുന്നു | ദീർഘകാലം | മലയാള അധ്യാപകർ വിദ്യാരംഗം കലാസാഹിത്യ വേദി |

| | | | | |
|---|---|---|---|---|
| 8 | CWSN കുട്ടികളെ നേർധാരയിൽ എത്തിക്കും | പ്രസംഗം മത്സരം നടത്തുന്നു.സാഹിത്യകാരന്മാരുമായി അഭിമുഖം,ആസ്വാദനക്കുറിപ്പ്, വായനക്കുറിപ്പ്,ഡയറി,പത്രവാർത്ത<br>അക്ഷര കാർഡ് ചിത്രകാർഡ് എന്നിവ തയ്യാറാക്കുന്നു.കവിതകൾ, പാട്ടുകൾ,നൃത്തരൂപങ്ങൾ തുടങ്ങിയവയുടെ പ്രദർശനം<br>കലാരൂപങ്ങൾ പ്രദർശിപ്പിക്കുന്നു യുവജനോത്സവം, വാർഷികം തുടങ്ങിയ അവസരങ്ങൾ കലാ മത്സരങ്ങൾ നടത്തുന്നു | ദീർഘകാലം | മലയാളം അധ്യാപകർ വിദ്യാരംഗം കലാസാഹിത്യ വേദി |

അക്കാഡമിക് മാസ്റ്റർ പ്ലാൻ

UP - ഇംഗ്ലീഷ്

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക | • ഇംഗ്ലീഷ് ക്ലാസുകളിലും ക്ലബ്ബ് പ്രവർത്തനങ്ങളിലും ഇംഗ്ലീഷിൽ മാത്രം വിനിമയം ചെയ്യുക<br>• ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ ഇംഗ്ലീഷിൽ അസംബ്ലി ചെയ്യുന്നു . ഓരോ ക്ലാസിലും ഇടവിട്ട് ചുമതല നൽകുന്നു<br>• ഓരോ ദിവസത്തെ ക്ലാസ് പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ എഴുതിപ്പിക്കുന്നു<br>• ക്ലാസ് മുറികളിൽ അതാത് ക്ലാസിനനുസരിച്ചുള്ള പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ<br>• കഥകൾ,കവിതകൾ എന്നിവയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• ഇംഗ്ലീഷിലെ ലളിതമായ സംഭാഷണങ്ങളുടെ റെക്കോർഡിങ്സ് | 1 വർഷം | ഇംഗ്ലീഷ് അധ്യാപകർ, ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | | പരിചയപ്പെടുത്തുകയും കുട്ടികൾക്ക് ആവർത്തിക്കാൻ അവസരം നൽകുകയും ചെയ്യുന്നു<br>• ഇംഗ്ലീഷ് പദങ്ങൾ വാക്യങ്ങൾ എന്നിവയുടെ ഉപയോഗങ്ങൾക്ക് അനുസരിച്ചുള്ള വിവിധ കളികൾ പരിചയപ്പെടുത്തുന്നു | | |
| 2 | ഒഴുക്കോടയും വ്യാകരണ ശുദ്ധിയോടെയും ഭാഷ ഉപയോഗിക്കാനുള്ള കഴിവ് നേടുക | • ഇംഗ്ലീഷ് ഗെയിമുകളിലൂടെയും പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെയും ഉച്ചാരണശുദ്ധിയും വ്യാകരണ ശുദ്ധിയും കൈവരിക്കുക | 1 വർഷം | ഇംഗ്ലീഷ് അധ്യാപകർ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3 | ഇ- ക്യൂബ് ഇംഗ്ലീഷ് | • ICTയുടെ സഹായത്തോടുകൂടി ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുകയും പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്യുന്നു | 1 വർഷം | ഐടി അധ്യാപകർ, ഇംഗ്ലീഷ് അധ്യാപകർ |
| 4 | തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | • കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു<br>• സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും | വർഷാവസാനം<br>ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | ആയി പ്രദർശിപ്പിക്കുന്നു | | |
| 5 | സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു | • കഥയരങ്ങ്, കവിയരങ്ങ്, രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ<br>• കുട്ടികളുടെയും മികച്ച രചനകൾ പ്രസിദ്ധീകരിക്കൽ<br>• പാഠപുസ്തകങ്ങളിലെ പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിന് മുമ്പിൽ അവതരിപ്പിക്കുന്നു ഉദാഹരണം :സ്കിറ്റ്, ഡ്രാമ,സംഭാഷണം മുതലായവ | 1 വർഷം | ഇംഗ്ലീഷ് അധ്യാപകർ, ഇംഗ്ലീഷ് ക്ലബ്ബ് |
| 6 | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | • ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷകർത്താക്കളെ യും മറ്റു വ്യക്തികളെയും( സമൂ ഹത്തിൽ പ്രാധാന്യമുള്ള) ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ചു താത്പര്യം വർദ്ധിപ്പിക്കുന്നു. 5 6 7 ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു പോകാൻ അവസരം നൽകുന്നു.അഞ്ചാം ക്ലാസിനായി കഥ പറയൽ,ആറിന് റോൾപ്ലേ, നാടകം | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ്,ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | എന്നിവ അവതരിപ്പിക്കൽ,ഏഴാം ക്ലാസിന് കവിത,പ്രസംഗം എന്നിവയുടെ അവതരണം | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ (ഹിന്ദി) 2025 – 2026

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലദൈർഘ്യം | ചുമതല |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും, എഴുതാനും, സംസാരിക്കാനും, ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. | • കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു.<br>• അക്ഷര കാർഡ്, വായന കാർഡ്, ചെറിയ കഥകൾ എന്നിവ വായിക്കാനും എഴുതുവാനും നൽകുന്നു. | 5,6,7 | ജൂൺ - ജൂലൈ | ഹിന്ദി അദ്ധ്യാപിക |
| 2 | CWSN, Slow learners തുടങ്ങി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കും | • പിന്നോക്കം നിൽക്കുന്ന കുട്ടികൾ അക്ഷര കാർഡിൽ നിന്ന് വാക്കുകൾ കണ്ടെത്തുന്നു. | 5,6,7 | ജൂൺ - ആഗസ്റ്റ് | ഹിന്ദി അദ്ധ്യാപിക |
| 3 | ഹിന്ദി വായന പ്രോത്സാഹിപ്പിക്കുക. | • ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക.<br>• ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക.<br>• ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം | 5,6,7 | പ്രതിദിനം | ഹിന്ദി അദ്ധ്യാപിക |
| 4 | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും അഞ്ചാം ക്ലാസ്സിൽ ആദ്യമായി ഹിന്ദി പഠിക്കുന്ന കുട്ടികൾക്കും വേണ്ടി ഹിന്ദി അക്ഷരമാല ഉറപ്പിക്കൽ | • പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | 5,6,7 | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അദ്ധ്യാപിക |
| 5 | ഹിന്ദി ലൈബ്രറി മുഖേന പുസ്തക പരിജയം. | • ഹിന്ദിയിലുള്ള ചെറിയ കഥാപുസ്തകങ്ങൾ, കവിത പുസ്തകങ്ങൾ, ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ എന്നിവ വായിപ്പിക്കുക. | 5,6,7 | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അദ്ധ്യാപിക |
| 6 | ഹിന്ദിഭാഷ പഠനം കാര്യക്ഷമമാക്കൽ, ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടൽ | • ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബിളി നടത്തുക. | 5,6,7 | ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി, എല്ലാ ബുധനാഴ്ചകളിലും | ഹിന്ദി അദ്ധ്യാപിക |
| 7 | ഹിന്ദി സംസാരിക്കാനും ഹിന്ദിയിൽ ആശയവിനിമയം നടത്താനുമുള്ള കഴിവ് ആർജിക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദി വാർത്തകൾ കാണാനുള്ള അവസരം. ഹിന്ദിയിൽ സംസാരിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുക, ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ. | 5,6,7 | 6 മാസം | ഹിന്ദി അദ്ധ്യാപിക |
| 8 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം | • ലൈബ്രറി മുഖേന പുസ്തക പരിജയം, സിനിമ, വാർത്ത, നാടകം, കാർട്ടൂൺ, തുടങ്ങിയവ കാണിപ്പിക്കുക, പദപരിചയം തുടങ്ങിയവ. | 5,6,7 | 1 വർഷം | ഹിന്ദി അദ്ധ്യാപിക |

**സംസ്കൃതം**

**അക്കാദമിക്ക് മാസ്റ്റർപ്ലാൻ**

**ക്ലാസ് - 5, 6, 7**

| **ലക്ഷ്യം** | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം**<br><br>**UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ .** | **1.ഭാഷ ജ്ഞാനം**<br><br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട് പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം.**<br><br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. **വീട് ഒരു പരീക്ഷണശാല.**<br>**[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ]** | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. **വായനാലോകം .**<br>**[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ]** | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| **4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അദ്ധ്യാപിക. |
| **6. <u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

അക്കാഡമിക് മാസ്റ്റർ പ്ലാൻ

UP - ശാസ്ത്രം

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക,ശാസ്ത്രം ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | • ശാസ്ത്ര ദിനാചരണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും നടത്തുക<br>• സയൻസ് കോർണർ<br>• ശാസ്ത്ര ജേണലുകൾ പരിചയപ്പെടുത്തുന്നു<br>• ശാസ്ത്ര മാഗസിൻ നിർമ്മാണം<br>• ആൽബം തയ്യാറാക്കൽ | ഒരു വർഷം | അധ്യാപകർ, സയൻസ് ക്ലബ്ബ് |
| 2 | ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക,ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | • ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവംസംഘടിപ്പിക്കുന്നു | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് |
| 3 | ശാസ്ത്ര ലാബുകൾ സജ്ജീകരിക്കുക | • സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ | ഒരു വർഷം | സയൻസ് ക്ലബ്ബ് |
| 4 | ശരിയായ മൂല്യങ്ങൾ മനോഭാവങ്ങൾ എന്നിവ വളർത്തുക | • ശാസ്ത്രം സാമൂഹിക പ്രാധാന്യം എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ,ശാസ്ത്ര വിഷയ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കൽ | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപകർ |
| 5 | പാരിസ്ഥിതിക അവബോധം വളർത്തിയെടുക്കുക | • പരിസ്ഥിതി ദിനങ്ങൾ പോലുള്ള ദിനാചരണം<br>• വിവിധ ആവാസവ്യവസ്ഥകളുടെ സന്ദർശനം<br>• പക്ഷി നിരീക്ഷണം പോലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണവും | ഒരു വർഷം | സയൻസ് ക്ലബ്ബ്,സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | പ്രയോജനപ്പെടുത്തലും<br><br>• പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തുക<br><br>• ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ, മലിനീകരണം തുടങ്ങിയ വിഷയങ്ങളിൽ പ്രോജക്ട് ഏറ്റെടുക്കൽ | | |
| 6 | ശാസ്ത്ര പഠനത്തിൽ ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ | • വിക്കിപീഡിയ പരിചയപ്പെടുത്തൽ<br><br>• സയൻസ് ഡോക്യുമെന്ററി പ്രദർശനം<br><br>• സയൻസ് ഫിക്ഷൻസിനിമകൾ<br><br>• സ്ലൈഡ് പ്രസന്റേഷൻ<br><br>• സ്റ്റെല്ലേറിയം<br><br>• ഗൂഗിൾ സ്കൈമാപ്പ് ഉപയോഗിച്ച് നക്ഷത്രങ്ങളെ തിരിച്ചറിയൽ<br><br>• Phet പോലുള്ള Apps | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ്,സയൻസ് അധ്യാപകർ |
| 7 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക | • സ്കൂൾ ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക<br><br>• ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് |
| 8 | ഭിന്നശേഷി കുട്ടികൾക്കായി ശാസ്ത്ര പ്രവർത്തനങ്ങൾ | • കുട്ടികളുടെ താല്പര്യത്തിനും ശേഷിക്കും ഒത്തുള്ള ലഘുപരീക്ഷണങ്ങൾ<br><br>• ശാസ്ത്ര ആശയങ്ങളുടെ ചിത്രീകരണം,പ്രദർശിപ്പിക്കൽ(ICT സഹായത്തോടെ)<br><br>• ശാസ്ത്രമേളകളിൽ പ്രാതിനിധ്യം ഉറപ്പാക്കൽ<br><br>• ഫീൽഡ് ട്രിപ്പുകളിൽ പങ്കാളിയാക്കുക | ഒരു വർഷം | സയൻസ് അധ്യാപകർ |
| 9 | സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും | • ആരോഗ്യസംബന്ധം ലഹരി വിരുദ്ധവുമായ ബോധവൽക്കരണ ക്ലാസുകൾ | ഒരു വർഷം | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | നേടുക | • കൃഷി സാധ്യതകൾ തിരിച്ചറിയൽ ഒട്ടുതൈകൾ ഉത്പാദിപ്പിക്കൽ<br>• കൃഷിപ്പതിപ്പുകൾ ഉണ്ടാക്കൽ | | |
| 10 | ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ | • സയൻസ് ഫെസ്റ്റ്<br>• 5 6 7 ക്ലാസുകളിൽ നടന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉപകരണങ്ങൾ പ്രദർശിപ്പിക്കൽ<br>• ശാസ്ത്ര ക്വിസ്<br>• പ്രദർശനങ്ങൾ ( ശാസ്ത്ര ഉപകരണങ്ങൾ, ശാസ്ത്ര മാഗസിനുകൾ,ശാസ്ത്രപുസ്തകങ്ങൾ, മോഡലുകൾ, പ്രോജക്ട് റിപ്പോർട്ട്, ലഘുപരീക്ഷണങ്ങൾ മുതലായവ )<br>• ബോധവൽക്കരണ ക്ലാസുകൾ നടത്തുക | ഹ്രസ്വകാലം | സയൻസ് ക്ലബ്ബ് |

# UP സാമൂഹ്യശാസ്ത്രം

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കും | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ക്ലബ്ബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 2 | സാമൂഹ്യശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തും; ഐടി സാധ്യത പ്രയോജനപ്പെടുത്തും | *ഡിജിറ്റൽ ആൽബം തയ്യാറാക്കുക: പ്രപഞ്ചം എന്ന മഹാത്ഭുതം വൈവിധ്യങ്ങളുടെ ലോകം<br>*വ്യക്തിപരമായി ആൽബം തയ്യാറാക്കുകയും എസ്.എസ്. ക്ലബ്ബിൽ അവതരിപ്പിക്കുകയും ചെയ്യും | ഹ്രസ്വകാലം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3 | ഭൂമിയെ അറിയുന്നതിനുള്ള കഴിവും മനോഭാവവും വളരും | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം: സാമൂഹ്യശാസ്ത്ര പഠന പരിപോഷണത്തിന് അനിവാര്യമായ വ്യക്തികൾ,സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം നിർമ്മിക്കുക | ഹ്രസ്വകാലം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 4 | ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്രത്തെ പ്രയോജനപ്പെടുത്തുകയും പഠനശേഷി വികസിപ്പിക്കുകയും ചെയ്യുക | *സെമിനാർ: സാമൂഹ്യശാസ്ത്ര പഠനവും മാറ്റങ്ങളും, സാമൂഹ്യശാസ്ത്രത്തിലെ ഉള്ളടക്കവും യഥാർത്ഥ സാമൂഹ്യ വ്യവസ്ഥയും<br>*ജിക്സോ പസിൽസ് | ഹ്രസ്വകാലം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 5 | പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കും | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ,സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | III ടേം | എസ്.ആർ.ജി |
| 6 | ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കും | സമകാലിക പ്രസക്തിയുള്ള സാമൂഹികശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, ഡിബേറ്റ്, ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | ഹ്രസ്വകാലം | എസ്. ആർ. ജി |

| | | | | |
|---|---|---|---|---|
| 7 | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കും | പ്രകടനപത്രിക പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്,ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരിക്കൽ, ഇതിന്റെ നേതൃത്വത്തിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കും. | ഹ്രസ്വകാലം | എസ്.ആർ.ജി, സ്കൂൾ പാർലമെൻറ് |
| 8 | സാമൂഹിക ശാസ്ത്രത്തെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കും | അധിക വായനയ്ക്ക് ഉപകരിക്കാൻ പുസ്തകങ്ങൾ, അറ്റ്ലസ്സുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 9 | സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യും | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യും. | എല്ലാ ദിവസവും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 10 | ലോകരാജ്യങ്ങളെ പരിചയപ്പെടും | ലോക ഭൂപടത്തിന്റെ വലിയ ചിത്രം ചിത്രീകരിച്ച ശേഷം ദിവസവും ദിനപത്രത്തിലെ ഓരോ രാജ്യവുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു. മാസാവസാനം വാർത്തകൾ മുഴുവൻ മാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കും. | എല്ലാ ദിവസവും | എസ്.ആർ.ജി |
| 11 | ചരിത്രബോധം വളർത്തിയെടുക്കൽ | ചാർട്ട് പേപ്പറിൽ 12 മാസങ്ങളും മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കും ചരിത്രവുമായി ബന്ധപ്പെട്ട ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതികളിൽ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്ര | എല്ലാ ദിവസവും | എസ്.ആർ.ജി |

| | | | | |
|---|---|---|---|---|
| | | കലണ്ടർ രൂപപ്പെടും. | | |
| 12 | ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടും | കദനത്തിനൊരു കൈത്താങ്ങ്:<br>*വൃദ്ധസദനങ്ങൾ സന്ദർശനം<br>*വൃത്തിയാക്കൽ<br>*അവർക്ക് ആവശ്യമായ പച്ചക്കറികൾ, വസ്തുങ്ങൾ എന്നിവ വിതരണം ചെയ്യും | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, എസ്.ആർ.ജി |
| 13 | തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുട്ടികളിലെത്തിക്കുക | ഗാന്ധിദർശൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ ടോയ്ലറ്റ് സോപ്പ്, വാഷിംഗ് സോപ്പ്, സോപ്പുപൊടി, ലോഷനുകൾ എന്നിവ തയ്യാറാക്കും. ഇവ സ്കൂൾ ആവശ്യങ്ങൾക്കും ബാക്കി കുട്ടികൾക്കും വിതരണം ചെയ്യും. | വർഷത്തിൽ ഒരു പ്രാവശ്യം | ഗാന്ധിദർശൻ ക്ലബ്ബ് |
| 14 | സാമൂഹ്യ സേവനത്തിനായി കുട്ടികളെ സജ്ജരാക്കും | ആരോഗ്യസേന-പ്രഥമശുശ്രൂഷ ക്ലാസുകൾ, ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ, കിടപ്പുരോഗികളെ സന്ദർശിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 15 | സാമൂഹ്യശാസ്ത്ര പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളുടെ പഠനശേഷി വികസിപ്പിക്കുക | സോഷ്യൽ സയൻസ് ഫെസ്റ്റ്: പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, എസ്.ആർ.ജി |
| 16 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൻ, നേടിയെടുക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 17 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കൽ | പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങളിലൂടെ അവയുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | | പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | | |
| 18 | സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തൽ | പരിസ്ഥിതി തകർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ,തണ്ണീർ തടങ്ങൾ,ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, എസ്.ആർ.ജി |
| 19 | സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന തരത്തിലുള്ള ചോദ്യോത്തവേള ക്ലാസ്സിൽ സംഘടിപ്പിക്കുന്നു. | ഓരോ ടേമിലും | സാമൂഹ്യശാസ്ത്ര അധ്യാപകൻ, സമൂഹം ശാസ്ത്ര ക്ലബ്ബ് |

# ഗണിതം UP

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല കളിയിലൂടെ അടിസ്ഥാന കൃതികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (ഫ്ലാഷ് കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ മുതലായവ ഉപയോഗിക്കുന്നു) | അക്കാദമിക വർഷാരംഭം | ഗണിത അധ്യാപകൻ |
| 2 | ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | അക്കാദമിക വർഷാരംഭം | അധ്യാപകർ |
| 3 | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതി ഉള്ള കുട്ടികളെ അതു മറികടക്കാൻ പിന്തുണ നൽകും | പിന്നാക്കക്കാർക്ക് വേണ്ടി ലഘു വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു, ചിത്രങ്ങളിൽ നിന്നും ത്രികോണം, വൃത്തം, ചതുരം തുടങ്ങിയ രൂപങ്ങൾ കണ്ടെത്തുന്നു, പ്രകൃതിയിലെ ഗണിതരൂപങ്ങൾ കണ്ടെത്തുന്നു, അടിസ്ഥാന ഗണിത ക്രിയകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു, സംഖ്യാബോധം വളർത്തുന്നതിനായി സ്ഥാനവില കണക്കുകൾ, ഗണിതഗാനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു | ഹ്രസ്വകാലം | ഗണിതശാസ്ത്ര ക്ലബ്ബ്, ഗണിത അധ്യാപകൻ |
| 4 | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കും | പാഠഭാഗമായ ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു, ഭിന്നസംഖ്യാബോധത്തിനായി ഭിന്നസംഖ്യ കാർഡുകൾ തയ്യാറാക്കുന്നു, പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കുന്നു | വർഷം മുഴുവനും | എസ്.ആർ.ജി,ഗണിതശാസ്ത്ര ക്ലബ്ബ്, ഗണിത അധ്യാപകൻ |
| 5 | ഗണിത മത്സര വേദിയിലേക്ക്: മേളകളിൽ ഊർജ്ജത കൈവരിക്കൽ | ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | ദീർഘകാലം | അധ്യാപകർ ,പി.ടി.എ, ഗണിതശാസ്ത്ര ക്ലബ്ബ് |
| 6 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ | വർഷത്തിൽ | ഗണിതശാസ്ത്ര ക്ലബ്ബ്, |

| | | | | |
|---|---|---|---|---|
| | | ശേഖരിക്കും | ഒരുതവണ | എസ്.ആർ. ജി |
| 7 | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല: ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു, അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുതവണ | ഗണിതശാസ്ത്ര ക്ലബ്ബ്, എസ്.ആർ. ജി |
| 8 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായിപ്രയോജനപ്പെടുത്തുന്നു | ഐടി സാധ്യതകളിലൂടെ: ജ്യാമിതീയ രൂപങ്ങൾ ചതുഷ്കിയകൾ, ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | വർഷം മുഴുവൻ | ഗണിതശാസ്ത്ര അധ്യാപകൻ |
| 9 | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്: ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | വർഷം മുഴുവൻ | ഗണിതശാസ്ത്ര അധ്യാപകൻ, ഗണിതശാസ്ത്ര ക്ലബ്ബ് |
| 10 | വിവിധശേഷികളുടെ വികസനം | ദിനാചരണം: ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ. ജി യിൽ രൂപപ്പെടുത്തുന്നു, നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | വർഷം മുഴുവൻ | അധ്യാപകർ, ഗണിതശാസ്ത്ര അധ്യാപകൻ, ഗണിതശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 11 | ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു | ബില്ല് പൂർത്തിയാക്കുക, ബഡ്ജറ്റ് തയ്യാറാക്കുക, ബാങ്കിങ് മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പലിശ, കൂട്ടുപലിശ, ലാഭം, നഷ്ടം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നൽകുന്നു. | വർഷം മുഴുവൻ | ഗണിതശാസ്ത്ര അധ്യാപകൻ, ഗണിതശാസ്ത്ര ക്ലബ്ബ് |

# പ്രതീക്ഷിത നേട്ടങ്ങൾ

ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.

മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ സാധിക്കുന്നു.

വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ നേടുന്നു.

കുട്ടികളുടെ സർവ്വതോൻമുഖമായ വികാസം.

# ഉപസംഹാരം

പുതിയ കാലഘട്ടത്തിൽ പൊതുവിദ്യാലയങ്ങൾ അപ്രസക്തമാകുന്ന വാർത്തകളാണ് നാം കേട്ടുകൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയാണ് വിദ്യാഭ്യാസം.വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ദൂരവ്യാപകമായി ദോഷഫലങ്ങൾ സൃഷ്ടിച്ച് കൊണ്ടിരിക്കുകയാണ്.ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം .അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നത്. നന്മ നിറഞ്ഞ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.